**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 465** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>"ഒരു രാജ്യം ഒരു റേഷൻ കാർഡ്" (ONORC) പദ്ധതിയിലൂടെ NFSA റേഷൻ കാർഡ് ഉടമകൾക്ക് (AAY(മഞ്ഞ), PHH(പിങ്ക്) കാർഡുകൾ) ഇന്ത്യയിലെ ഏത് ഓട്ടോമേറ്റഡ് ഫെയർ പ്രൈസ് ഷോപ്പിൽ നിന്നും റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കും. "ഒരു രാജ്യം ഒരു റേഷൻ കാർഡ്" പദ്ധതി ഇന്ത്യയിലെ പി.ഡി.എസ് പ്രവർത്തനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കിടയാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ റേഷൻ ലഭിക്കുന്നതിന് ബയോമെടിക് സ്ഥിരീകരണം അനിവാര്യമാണ്. പ്രസ്തുത പദ്ധതി, കുടിയേറ്റക്കാരുടെ ഭക്ഷ്യസുരക്ഷ പ്രശ്നങ്ങൾക്കും പരിഹാരമായിട്ടുണ്ട്. NFSA ആനുകൂല്യങ്ങൾ ലഭിക്കുന്ന എല്ലാ വ്യക്തികളെയും, പ്രത്യേകിച്ച് കുടിയേറ്റക്കാർക്ക്, രാജ്യത്ത് എവിടെയും അവരുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കുടിയേറ്റക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കാനും ഭക്ഷ്യധാന്യ വിതരണം സുഗമമാക്കുന്നതിനുമായി, വ്യക്തികൾക്ക് അവരുടെ വിവരങ്ങൾ '14445' എന്ന ടോൾ ഫ്രീ നമ്പരിലും, 'മേര റേഷൻ' മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യവും നൽകിയിരുന്നു. ONORC പദ്ധതി ആഗസ്റ്റ് 2019ൽ ആരംഭിച്ചതുമുതൽ രാജ്യത്ത് 75 കോടി പോർട്ടബിലിറ്റി ഇടപാടുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. രാജ്യത്ത് ഓരോ മാസവും 3 കോടി പോർട്ടബിലിറ്റി ഇടപാടുകൾ രേഖപ്പെടുത്തുന്നു. NFSA കാർഡിലുള്ളവർക്ക് അവരുടെ ഭക്ഷ്യസുരക്ഷാ അവകാശങ്ങൾ (ഭക്ഷ്യധാന്യങ്ങൾ) എവിടെയും ലഭ്യമാക്കുന്നതിനും, അവരുടെ ആധാർ/പുതിയ റേഷൻ കാർഡുകൾ ഉപയോഗിച്ച് രാജ്യത്ത് എവിടെയുമുള്ള ഫെയർ |

| | | | |
|---|---|---|---|
| | | | പ്രൈസ് ഷോപ്പിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനും സാധിക്കുന്നു. |
| (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എൻ.എഫ്.എസ്.എ. കാർഡുള്ള ഇതര സംസ്ഥാനക്കാർക്കും അതിഥി തൊഴിലാളികൾക്കും ബയോമെട്രിക് സംവിധാനത്തിലൂടെ വാങ്ങാൻ സൗകര്യപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രത നിയമ പ്രകാരം അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എൻ.എഫ്.എസ്.എ. കാർഡുള്ള ഇതര സംസ്ഥാനക്കാർക്കും അതിഥി തൊഴിലാളികൾക്കും ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് കേരളത്തിലെവിടെയുമുള്ള ന്യായവില ഷോപ്പുകളിൽ നിന്ന് മുഴുവനായിട്ടോ ഭാഗികമായിട്ടോ അവരുടെ റേഷൻ വാങ്ങാവുന്നതാണ്. റേഷൻ കടകളിലുള്ള ഇ-പോസ് മെഷീനുകളിൽ, IMPDS എന്ന മൊഡ്യൂൾ മുഖാന്തിരമാണ് ഇത്തരത്തിലുള്ള വിതരണം സാധ്യമാകുന്നത്. |
| (സി) | ഇത്തരത്തിൽ നൽകിവരുന്ന റേഷൻ സാധനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | ദേശീയ ഭക്ഷ്യ ഭദ്രത നിയമ പ്രകാരം അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എൻ.എഫ്.എസ്.എ. കാർഡുള്ള ഇതര സംസ്ഥാനക്കാർക്കും അതിഥി തൊഴിലാളികൾക്കും അവർക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യം അനുവദിച്ചിട്ടുള്ള അളവിൽ കേരളത്തിൽ ഏത് റേഷൻ ഷോപ്പുകളിൽ നിന്നും വാങ്ങാവുന്നതാണ്. AAY വിഭാഗത്തിന് ഒരു കാർഡിനു 35 കിലോ ഭക്ഷ്യ ധാന്യവും, PHH കാർഡുകൾക്ക് ഒരംഗത്തിന് 5 കിലോ ഭക്ഷ്യ ധാന്യവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ അതിഥി തൊഴിലാളികൾക്ക് ആധാർ അടിസ്ഥാന രേഖയായി പരിഗണിച്ച് റേഷൻ കാർഡ് നൽകി വരുന്നുണ്ടോ; എങ്കിൽ ഏത് വിഭാഗത്തിലുള്ള കാർഡുകളാണ് നൽകുന്നതെന്നും ബയോമെട്രിക് സംവിധാനത്തിലൂടെ അവർക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്.<br><br>വിവിധ സംസ്ഥാനങ്ങളുടെ റേഷൻ കാർഡ് ഡാറ്റാബേസുകൾ പരസ്പരം ഇന്റഗ്രേറ്റഡ് അല്ലാത്തതിനാൽ അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നപക്ഷം ആധാർ ഡ്യൂപ്ലിക്കേഷൻ സംവിധാനം മുഖേന, ടി വ്യക്തികൾക്ക് മറ്റേതെങ്കിലും സംസ്ഥാനത്ത് നിലവിൽ റേഷൻ കാർഡ് ഉണ്ടോയെന്നത് അറിയാൻ സാധിക്കുന്നതല്ല. അതിനാൽ അതിഥി തൊഴിലാളികൾക്ക് ആധാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റേഷൻ കാർഡ് അനുവദിക്കുക എന്നത് പ്രായോഗികമല്ല. എന്നാൽ ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി പ്രകാരം അവരവരുടെ സംസ്ഥാനത്തുള്ള എൻഎഫ്എസ്എ റേഷൻ കാർഡുകളുപയോഗിച്ച് കേരളത്തിൽ നിന്നും റേഷൻ വാങ്ങുന്നതിന് സാധിക്കുന്നതാണ്. ഇത് സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിലുള്ള അതിഥി തൊഴിലാളികൾക്ക് "റേഷൻ റൈറ്റ്സ് കാർഡ്" എന്ന പേരിൽ ഒരു കാർഡ് നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ